LIBRARY ARCHIVES Kerala Legislative Assembly

ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിന്റെ പുനർനിർമ്മാണം

54 [652] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിന്റെ പുനർനിർമ്മാണ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കരാറായി കഴിഞ്ഞ റീച്ചിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ അനുവദിച്ചതിനുള്ള കാലയളവ് അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) കരാർ പ്രകാരമുള്ള ഗതിവേഗത നിർമ്മാണപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ റോഡിലെ മറ്റ് റീച്ചുകളിലെ സ്ഥലമെടുപ്പ് സ്ട്രക്ചറൽ വാല്വേഷൻ എന്നിവ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ഇ) ഈ ഭാഗത്തെ സ്ഥലമെടുപ്പും നഷ്ടപരിഹാര വിതരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) നാഷണൽ ഹൈവേയിലെ കുഴിവിള ഭാഗത്തുനിന്നും ആക്കുളം ഭാഗത്തേക്കും എഞ്ചിനീയറിംഗ് കോളേജിലേക്കും റോഡ് രണ്ടായി തിരിയുന്ന ജംഗ്ഷൻ മുതൽ വടക്കോട്ടും കിഴക്കോട്ടും 250 മീറ്ററോളം റോഡ് പൂർണ്ണമായി ഒരു വർഷക്കാലമായി തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സതേൺ എയർ കമാൻഡന്റ് ആസ്ഥാനത്തേക്കും ആക്കുളം-വേളി ടൂറിസ്റ്റ് വില്ലേജിനെയും നിർദ്ദിഷ്ട കൺവെൻഷൻ സെന്റർ പ്രോജക്ട് മേഖലയേയും പുറംലോകവുമായി ബന്ധിപ്പിക്കുന്ന 250 മീറ്റർ വരുന്ന ചെറിയ ഈ റോഡുകൾ പ്രത്യേക പരിഗണന നൽകി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) ഉള്ളൂർ-ആക്കുളം-കുഴിവിള റോഡ് പ്രോജക്ട് 2005 ഒക്ടോബറിനു മുമ്പ് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഐ) റോഡ് വികസനത്തിന് ഇനിയും ആവശ്യം വരുന്ന ഭൂമി ഫാസ്റ്റ്ട്രാക്ക് സംവിധാനം നൽകി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡുപണിയുടെ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഓടയുടെയും കേബിൾ ഡക്റ്റിന്റെയും പണികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. കലുങ്കുകളുടെ പണി പകുതി നിലത്തിൽ ചെയ്തുതീർത്തിട്ടുണ്ട്. ബാക്കി പണി ചെയ്യുവാനായി റോഡിൽ സ്ഥിതി ചെയ്യുന്ന ഗുരുമന്ദിരവും റോഡിലേയ്ക്ക് ഇറങ്ങി നിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകളും നീക്കം ചെയ്യേണ്ടതായിട്ടുണ്ട്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-12-2004.

(സി) സ്വീകരിച്ചു വരുന്നു.

(ഡി) ഒന്നും രണ്ടും ഘട്ടങ്ങളുടെ അതിർത്തി നിർണ്ണയിച്ച് സ്ട്രക്ചറൽ വാല്വേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. വില നൽകുന്നതിനുള്ള നടപടികൾ ആയിട്ടില്ല. മറ്റു ഘട്ടങ്ങളുടെ സ്ട്രക്ചറൽ വാല്വേഷൻ ആയിട്ടില്ല.

(ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി)യും (എച്ച്)ഉം ആന്റ് (ഐ)ഉം ഇതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സിവിൽ സ്റ്റേഷൻ നിർമ്മാണം

55 [653] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാതല സർക്കാർ ഓഫീസുകൾക്കായി കുടപ്പനക്കുന്ന് ആസ്ഥാനമാക്കി തിരുവനന്തപുരം സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പുതിയ സിവിൽ സ്റ്റേഷൻ ജില്ലാ തലത്തിലുള്ള എത്ര സർക്കാർ ഓഫീസുകൾക്കാണ് പ്രവർത്തന സൗകര്യവും അക്കോമഡേഷനും ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) താമസ സൗകര്യം ഇനിയും ഉറപ്പാക്കാത്ത ജില്ലാതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് ഈ പ്രദേശത്തുതന്നെ ക്യാമ്പ് ഓഫീസ്/ക്വാർട്ടേഴ്സ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമല്ലാത്ത ഉദ്യോഗസ്ഥർക്ക് വാടക വീട് തരപ്പെടുംവരെ ഉപയോഗിക്കാൻ കൂടി സൗകര്യപ്പെടാവുന്ന വിധത്തിൽ ഒരു ഗസ്റ്റ് ഹൗസ് സിവിൽ സ്റ്റേഷൻ കോംപ്ലക്സിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ ;

(ഇ) സിവിൽ സ്റ്റേഷൻ മേഖലയിലേയ്ക്ക് യാത്രാമാർഗ്ഗങ്ങൾ ഉചിതമായി വികസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ ;

(എഫ്) നിർദ്ദിഷ്ട കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ജി) നിർമ്മാണ പ്രവർത്തനം നിർവിഘ്നം പൂർത്തിയാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?